*പ്രഫസർ അനിൽകുമാർ അദ്ദേഹത്തിന്റെ പ്രഭാഷണം ഒരു അധിക സത്സംഗമായാണ് അവതരിപ്പിച്ചത്. ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥി കൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് അദ്ദേഹം. ഈ പ്രഭാഷണങ്ങൾ തുടരും.*

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 18B

**ഫെബ്രുവരി 20, 2003**

## നിങ്ങളുടെ ആഹാരശീലങ്ങൾ ചിട്ടപ്പെടുത്തുക

ഭഗവാൻ തുടർന്നു, "രാമൻ വനത്തിൽ സുലഭമായ അത്തിപ്പഴമാണ് ആഹരിച്ചിരുന്നത്. അവിടെ ഏതാനും ഫലവൃക്ഷങ്ങളുണ്ടായിരുന്നു, അതുകൊണ്ട് അവിടുന്ന് തനിക്കുവേണ്ട പഴങ്ങൾ ഭക്ഷിച്ചിട്ട്, ബാക്കി അവിടെയുണ്ടായിരുന്ന പക്ഷികൾക്കും മറ്റു മൃഗങ്ങൾക്കുമായി നൽകുകയായിരുന്നു പതിവ്. ഇതുപോലെ, കുട്ടികളേ, നിങ്ങൾ നിങ്ങളുടെ ആഹാരശീലം ചിട്ടപ്പെടുത്തണം. നിങ്ങൾ അമിതമായി കഴിക്കരുത്."



"സ്വാമീ, ഈ പ്രായത്തിൽ ആഹാരകാര്യത്തിൽ എന്തെങ്കിലും ചിട്ട പുലർത്തുന്നത് സാധ്യമോ?"

ഞാൻ ഉദ്ദേശിച്ചത്, എന്റെ ഭക്ഷണശീലങ്ങൾ ചിട്ടപ്പെടുത്താൻ ഞാൻ ഒരുക്കമല്ല എന്നായിരുന്നു. എനിക്ക് മസാലയുള്ള ആഹാരം, ആന്ധ്ര അച്ചാറ്, എരിവുള്ള, എരിവുള്ള സാധനം, മുളക് അതെല്ലാം ഇഷ്ടമാണ്, അതൊന്നും ഉപേക്ഷിക്കാൻ ഞാൻ തയ്യാറല്ല. അതുകൊണ്ട് ഞാനീ ചോദ്യം ഇപ്രകാരമാണ് ഉന്നയിച്ചത്: "ഈ പ്രായത്തിൽ ആഹാരകാര്യത്തിൽ എന്തെങ്കിലും ചിട്ട പുലർത്തുന്നത് സാധ്യമോ?"

സ്വാമി പറഞ്ഞു, “ഇതിന് പ്രായവുമായി ബന്ധമില്ല. നിങ്ങൾക്ക് ദൃഢമായ നിശ്ചയമുണ്ടെങ്കിൽ, നിങ്ങൾക്ക് തീർച്ചയായും നിങ്ങളുടെ ഭക്ഷണശീലങ്ങൾ നിയന്ത്രിക്കാനും ചിട്ടപ്പെടുത്താനും കഴിയും.”




## പദങ്ങൾ അവിടുന്ന് ഉപയോഗിക്കാനായി കാത്തിരിക്കുന്നു

ഇനി ഞാൻ മറ്റൊരു സംഭവത്തിലേക്ക് കടക്കുകയാണ്. ആന്ധ്രാപ്രദേശിൽ രണ്ടു കവികളുണ്ടായിരുന്നതായി ഭഗവാൻ ഞങ്ങളോടു പറയുകയുണ്ടായി, തിരുപ്പതി വെങ്കട കവുലു- തെലുങ്കു സാഹിത്യത്തിൽ വളരെ അറിയപ്പെടുന്നവർ. മിക്ക ആളുകൾക്കും അവരുടെ കവിതകൾ അറിയാം, അവ പ്രശസ്തങ്ങളാണ്. ഇവർ ഇരുവരും ബാബയെ 50 കൊല്ലങ്ങൾക്കുമുമ്പ് സന്ദർശിക്കുകയുണ്ടായി.

ഞാൻ ആകാംക്ഷകൊണ്ട് ആരാഞ്ഞു, “സ്വാമീ, അവരെന്താണ് പറഞ്ഞത്? അവരെന്താണ് പറഞ്ഞത്?”

ഈ രണ്ട് കവികളും ഭഗവാനോട് പറഞ്ഞു, "സ്വാമീ, ഞങ്ങൾ കവിതാരചനയ്ക്കായി വാക്കുകൾ തെരഞ്ഞെടുക്കുന്നു, എന്നാൽ വാക്കുകളാവട്ടെ അവിടുന്ന് അവയെ രചനയ്ക്കായി തെരഞ്ഞെടുക്കുന്നതിന് കാത്തിരിക്കുന്നു. പദങ്ങൾ കാത്തിരിക്കുന്നു, അവിടുത്തെ ദിവ്യഹസ്തങ്ങളാൽ കവിതകളായി വാർന്നുവീഴുന്നതിനായി സാഹിത്യം കാത്തിരിക്കുന്നു. എന്നാൽ, ഞങ്ങൾ സാധാരണക്കാർ കുറച്ച് വാക്കുകളെടുത്ത് കവിത രചിക്കുകയാണ്. ഇതാണ് വ്യത്യാസം."



അനന്തരം ഭഗവാൻ രാമകൃഷ്ണറാവു എന്ന മറ്റൊരു വലിയ പണ്ഡിതന്റെ പേര് പരാമർശിച്ചു. അദ്ദേഹം ഒരു ഗവർണറും 12 ഇന്ത്യൻ ഭാഷകളിൽ നിപുണനുമായിരുന്നു. ഭഗവാന്റെ പ്രഭാഷണങ്ങളുടെ ആദ്യത്തെ വിവർത്തകൻ ഇദ്ദേഹമായിരുന്നു. ഒരിക്കൽ, ബോംബെയിൽവച്ച് അദ്ദേഹം ഭഗവാന്റെ പ്രഭാഷണം മറാത്തി ഭാഷയിലേക്ക് തർജ്ജമ ചെയ്തു. പ്രഭാഷണം കഴിഞ്ഞപ്പോൾ മുഴുവൻ സദസ്യരും ഭഗവാന്റെ പ്രഭാഷണത്തെ പുകഴ്ത്തിക്കൊണ്ട് കരഘോഷം മുഴക്കുകയുണ്ടായി.

വിവർത്തകനായ രാമകൃഷ്ണറാവു



*ബോംബെ-1966 മാർച്ച്. സ്വാമിയുടെ വലത്ത് ഡോ.ബർഗുല രാമകൃഷ്ണ റാവു(കേരളാ, യു.പി. ഗവർണറായിരുന്നു)*

എണീറ്റിട്ടു പറഞ്ഞു, "മാന്യജനങ്ങളേ, ഇവയൊന്നും എന്റെ വാക്കുകളല്ല എന്ന് ദയവായി



മനസ്സിലാക്കിയാലും; ഇത് എന്റെ പ്രഭാഷണമായിരുന്നില്ല. മറാത്തിയിലേക്ക് പരിഭാഷ ചെയ്തതേയുള്ളൂ ഞാൻ. ഒറിജിനൽ പ്രസംഗം ബാബയാണ് നടത്തിയത്."

ഈ പ്രഖ്യാപനം കേട്ടിട്ട്, ആളുകൾ കൂടുതലായി, നീണ്ടുനിന്ന കരഘോഷം തുടങ്ങി. ഭഗവാന്റെ ദിവ്യപ്രഭാഷണങ്ങളുടെ അമൃതസൗന്ദര്യം അതാണ്.

## ചീഞ്ഞ പഴങ്ങൾ ഒരിക്കലും നൽകരുത്

ഇനി ഞാൻ മറ്റൊരു സംഭവത്തിലേക്ക് കടക്കാം. സ്വാമി എല്ലാ വിദ്യാർത്ഥികൾക്കും ഭക്തർക്കുമായി വിതരണം ചെയ്യുമായിരുന്ന ചെറിയ പഴങ്ങൾ നിങ്ങൾക്കറിയുമോ? ഒരു ദിവസം, കാഴ്ചയിൽ ബെറി പോലെയിരിക്കുന്ന ഈ ചെറുപഴങ്ങൾ വിതരണം ചെയ്യുന്നതിന് അവിടുന്ന് ആൺകുട്ടികളോട് നിർദ്ദേശിച്ചു.

അവിടുന്ന് ഒരു ആൺകുട്ടിയെ അരികത്തു വിളിച്ചിട്ട് പറഞ്ഞു, "കുട്ടീ, നീ നല്ല പഴം മാത്രം കൊടുക്കുന്നു എന്ന് ഉറപ്പാക്കണം; ചീഞ്ഞ പഴങ്ങൾ ഒരിക്കലും നൽകരുത്. ചീത്തയായ പഴങ്ങൾ വിതരണം ചെയ്യുന്നത് ഒരു പാപമാണ്. നീയത് ഒരിക്കലും ചെയ്യരുത്, ചെയ്താൽ പിന്നീടൊരിക്കൽ അതിനു കണക്കു പറയേണ്ടിവരും. അതുകൊണ്ട്, ഏറ്റവും നല്ല പഴങ്ങൾ തെരഞ്ഞെടുത്ത് ആളുകൾക്ക് നൽകുക."



അപ്പോൾ എല്ലാ വിദ്യാർത്ഥികളും പഴങ്ങൾ വിതരണം ചെയ്യുന്നതിനാരംഭിച്ചു. പക്ഷേ നമ്മുടെ ഭഗവാൻ, നിങ്ങൾക്കറിയാവുന്നതുപോലെ, അവരത് വിതരണം ചെയ്യുന്നത് ശ്രദ്ധാപൂർവം നിരീക്ഷിക്കുകയായിരുന്നു.

അവസാനം അവിടുന്ന് പറഞ്ഞു, "ഹേ കുട്ടികളേ! നിങ്ങൾ എം.എസ്.സി. ഡിഗ്രി വിദ്യാർത്ഥികളാണ്. വായിക്കാനും ആ വിവരം പരീക്ഷയ്ക്ക് ഓർത്തെഴുതാനും മാത്രമേ നിങ്ങളെക്കൊണ്ട് കഴിയൂ; എന്നാൽ നിങ്ങൾക്ക് സാമാന്യബുദ്ധിയും പൊതുവിജ്ഞാനവും ഇല്ല. പഴങ്ങൾ എങ്ങനെ വിതരണം ചെയ്യണമെന്ന് നിങ്ങൾക്കറിയില്ല! നിങ്ങളെന്തുകൊണ്ടാണ് ആ ഗ്രൂപ്പിനെ മറന്നത്? അവിടെ ഏറ്റവുമൊടുവിലത്തെ നിരയിലെ ഭക്തർക്ക് നിങ്ങൾ പഴങ്ങൾ വിതരണം ചെയ്തില്ല. നിങ്ങൾ എന്തുതരം എം.എസ്.സി. കുട്ടികളാണ്?"

## അധ്യാപകരെ ബഹുമാനിക്കുക

അവിടുന്ന് പിന്നെ പറഞ്ഞു, "ഹേ, നിങ്ങളിൽ ചില കുട്ടികൾ നടക്കുമ്പോൾ, നിങ്ങളുടെ കാലുകൾ നിങ്ങളുടെ അധ്യാപകരെ തൊടുന്നത് ഞാൻ കാണുന്നു. നിങ്ങൾ നിങ്ങളുടെ അധ്യാപകരെ ബഹുമാനിക്കണം; നിങ്ങൾ പെരുമാറേണ്ട രീതി ഇതല്ല. നിങ്ങൾ വിദ്യാർത്ഥികൾക്ക് അനുസരണയും വിനയവും വേണം. അപ്പോൾ മാത്രമേ നിങ്ങൾക്ക് നന്നായി പഠിക്കാനാവൂ," ഭഗവാൻ ഇങ്ങനെയാണ് അരുളിയത്.

പെട്ടെന്ന് സ്വാമി ഒരു വിദ്യാർത്ഥിയുടെ നേരേ തിരിഞ്ഞിട്ട് പറഞ്ഞു, "ഒരു കാര്യം എന്നോടു പറയൂ. നിങ്ങളുടെ കോളജിലെ ഏറ്റവും മികച്ച അധ്യാപകൻ ആരാണ്? ഏറ്റവും മികച്ച അധ്യാപകൻ ആരാണ്?"




ഇതൊരു കഠിനമായ ചോദ്യമായിപ്പോയി! ആ പയ്യൻ മറുപടി പറഞ്ഞില്ല. സ്വാമി നിർബന്ധിച്ചു.

കുട്ടി അവസാനം പറഞ്ഞു, "സ്വാമീ, എല്ലാവരും നല്ല അധ്യാപകരാണ്-അല്ല സ്വാമീ, എല്ലാവരും മികച്ചവരാണ്."

അപ്പോൾ ഭഗവാൻ പറഞ്ഞു, "എല്ലാവരും നല്ല ആളുകളാണെന്ന് എനിക്കറിയാം, എല്ലാവരും നല്ല അധ്യാപകരാണ്. എന്നിരുന്നാലും, ചില അധ്യാപകർ നിങ്ങളോട് പരുക്കരാവാം. അത് നിങ്ങളുടെതന്നെ നന്മയ്ക്കാണ്- അത് നിങ്ങളറിഞ്ഞിരിക്കണം."

## കുട്ടികൾ രക്ഷിതാക്കളെ പരിവർത്തനം ചെയ്യുന്നു

ഇനി ഞാൻ അടുത്ത സംഭവത്തിലേക്ക് പോവുന്നു. ഭഗവാൻ ഇന്റർവ്യൂകൾ പൂർത്തിയാക്കിയ വേളയാണ്. ഇന്റർവ്യൂ അനുവദിക്കപ്പെട്ട ഭാഗ്യം സിദ്ധിച്ച ഒരു ദമ്പതികളെപ്പറ്റി അവിടുന്ന് പറയാനാരംഭിച്ചു. അവർ ഇന്റർവ്യൂമുറിയിൽനിന്ന് പുറത്തുകടന്നിട്ടാണ് സ്വാമി അവരെപ്പറ്റി സംസാരിക്കാനാരംഭിച്ചത്. അവർ അപ്പോഴേക്കും പോയിരുന്നതു




കൊണ്ട് അവരിത് അറിഞ്ഞില്ല.

അവിടുന്ന് ഞങ്ങളുടെ നേരെ നോക്കിയിട്ട് പറഞ്ഞു, "നോക്കൂ, നിങ്ങളാ പയ്യനെ കണ്ടോ?"

“ഓ സ്വാമീ, ഞങ്ങൾ കണ്ടു.”

“നിങ്ങൾക്കറിയാമോ, ഞാനാ പയ്യനോടു പറഞ്ഞു, ‘നീ നിന്റെ അച്ഛനോട് ആ ദുശ്ശീലം ഉപേക്ഷിക്കാൻ പറയണം. അതവന് നല്ലതിനല്ല എന്ന് അവനോട് പറയണം’”

ആ പയ്യൻ വീട്ടിൽ ചെന്നിട്ട് കരയാൻ തുടങ്ങി.

പിതാവ് തിരക്കി, “അല്ല, നീയെന്തിനാണ് കരയുന്നത്?”

അവൻ പറഞ്ഞു, “ഡാഡീ, അങ്ങയുടെ ദുശ്ശീലം നിർത്തൂ ഇല്ലെങ്കിൽ ഞാൻ കരയും. ഞാൻ ആഹാരം കഴിക്കില്ല. അങ്ങയുടെ ആ ദുശ്ശീലം ഉപേക്ഷിക്കുമെന്ന് എനിക്ക് വാക്കു തരൂ.”

പിതാവ് തിരക്കി, “എന്താണാ ദുശ്ശീലം?”

“പുകവലി, ഡാഡീ-അങ്ങ് പുകവലിക്കുന്നു. മേലിൽ വലിക്കാതിരിക്കൂ.”

മേലിൽ പുകവലിക്കില്ലെന്ന് പിതാവ് തീരുമാനിച്ചു. രക്ഷിതാക്കളിൽ, അവരുടെ കുട്ടികളിലൂടെ, എന്തൊരു പരിവർത്തനമാണ് ഭഗവാൻ കൊണ്ടുവരുന്നതെന്നോ! അവിടുത്തെ ദിവ്യസാന്നിദ്ധ്യം കുട്ടികളിൽ പരിവർത്തനമുണ്ടാക്കുന്നു, അവരിലൂടെ രക്ഷിതാക്കൾ പരിവർത്തനപ്പെടുന്നു. ഇപ്പോഴത്തെ അവതാരത്തിന്റെ കാലത്ത് നടന്നുകൊണ്ടിരിക്കുന്ന അതിശയകരമായ ഒരു സംഗതിയാണിത്.

## അവിടുന്നിൽനിന്ന് നിങ്ങൾക്ക് ഒന്നും മറച്ചുവയ്ക്കാനാവില്ല

ആ സമയത്ത് ഭഗവാൻ എല്ലാവരോടുമായി പറയാനാരംഭിച്ചു, “കുട്ടികളേ, ബൃന്ദാവനിൽവച്ച് നടന്ന ഒരു സംഭവം ഞാൻ നിങ്ങളോടു പറയാം. അനിൽകുമാറിന് ഇതറിയാം.”

അതൊരു സമ്മർ ക്ലാസ്സിന്റെ വേളയായിരുന്നു, കുട്ടികൾ വളരെ നല്ല ഊണും വൈകുന്നേരത്തെ ചായയും ആസ്വദിച്ചിട്ട് ഇരിക്കുന്ന സമയം. സ്വാമി സായാഹ്നത്തിലെ ദിവ്യപ്രഭാഷണത്തിനായി ഓഡിറ്റോറിയത്തിലേക്ക് നീങ്ങാൻ തുടങ്ങി.

പെട്ടെന്ന് അവിടുന്ന് നിന്നു, ഒരു കുട്ടിയെ നോക്കിയിട്ട് പറഞ്ഞു, “കുട്ടീ, അത് ചെയ്യരുത്! അത്തരം കാര്യങ്ങൾക്കുള്ള സ്ഥലമല്ല ഇത്. അത് നിർത്തുക.”

കുട്ടി പറഞ്ഞു, "എന്താണ്, സ്വാമീ?"

അവിടുന്ന് പറഞ്ഞു, "അത് ചെയ്യരുത്."

"എന്താണത്, സ്വാമീ?"

പെട്ടെന്ന്, അവിടുത്തെ കരചലനത്താൽ, ബാബ ഒരു ഫോട്ടോ സൃഷ്ടിച്ചു, അതിൽ ഈ ചങ്ങാതി കോളജ് കെട്ടിടത്തിനു പുറകിലായി ഒരു മരച്ചുവട്ടിൽ നിന്നുകൊണ്ട് സിഗരറ്റ് വലിക്കുന്നു. ഭഗവാൻ സ്വയം പരാമർശിച്ചതാണിത്.

ഇതിനർത്ഥം നമുക്ക് ഒരു കാര്യവും ഭഗവാനിൽനിന്ന് മറയ്ക്കാനാവില്ല എന്നാണ്. ബാബയെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് ഒരു കാര്യവും രഹസ്യമായി വയ്ക്കാൻ കഴിയില്ല.

## ഞാൻ ഒരിക്കൽപ്പോലും കാപ്പി, ചോക്കലേറ്റ്, കേക്ക് ഇവ രുചിച്ചിട്ടില്ല

എങ്ങനെയോ ചർച്ച എനിക്കുനേരെ തിരിഞ്ഞു, അവിടുന്ന് പറഞ്ഞു, "അനിൽകുമാർ, നീ ശരിയായിട്ടാണോ ആഹാരം കഴിക്കുന്നത്?"

"സ്വാമീ, ഞാൻ സാധാരണപോലെയാണ് കഴിക്കുന്നത്."

"നീ നിന്റെ അച്ചാറിലും എരിവുള്ള ഭക്ഷണത്തിലും തൃപ്തനാണോ?"

"ഞാൻ വളരെ തൃപ്തനാണ് സ്വാമീ."

"നീയെന്തിനാണ് തുടർച്ചയായി ഈ അച്ചാറൊക്കെ ഇങ്ങനെ കഴിക്കുന്നത്?"

"സ്വാമീ, ഇതിനിടയ്ക്ക് ഞാൻ സൂപ്പും ദാലുമൊക്കെ അകത്താക്കുന്നുണ്ട്; പക്ഷേ അച്ചാറ് നിരന്തരം ഉണ്ട്."

"ഉം! നീ സദാ അങ്ങനെയാണ്."

എന്നിട്ട്, തന്നെത്തന്നെ ചൂണ്ടിക്കാട്ടി അവിടുന്ന് അരുളി, "വിശ്വസിച്ചാലും ഇല്ലെങ്കിലും, ഞാൻ ഒരു വേള പോലും കാപ്പിയോ ചായയോ രുചിച്ചിട്ടില്ല. എണ്ണമയമുള്ളതൊന്നും ഞാൻ തൊടാറില്ല. ഞാൻ ബിസ്കറ്റോ ചോക്കലേറ്റോ കേക്കോ രുചിച്ചിട്ടില്ല. നിങ്ങൾക്കറി

യുമോ, എന്റെ സ്കൂൾ ദിനങ്ങളിൽ, ഞാൻ ചോളം കൊണ്ടുണ്ടാക്കിയ ഒരു ലഘുവായ പലഹാരം കൊണ്ടുപോകുമായിരുന്നു.''

## ഞാനൊരു ദരിദ്രകുടുംബത്തിലേത്-എനിക്ക് രഹസ്യമായി കഴിക്കേണ്ടിയിരുന്നു

ആ ചോളം കൊണ്ട് ഒരുതരം കട്ടിയുള്ള, വട്ടത്തിലുള്ള, ജൊണ്ണ റൊട്ടെലു എന്നു വിളിക്കുന്ന പലഹാരം ഉണ്ടാക്കും. ജൊണ്ണ റൊട്ടെലു എന്നുവച്ചാൽ, 'ചോളംകൊണ്ടുണ്ടാക്കിയത്' എന്നാണർത്ഥം. സ്വാമി പതിവായി വട്ടത്തിലുള്ള ഈ പലഹാരവും കൊണ്ട് സ്കൂളിൽ പോവും.



അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, അവ വളരെ കട്ടിയുള്ളതാവും-കഴിക്കുന്നതിന് പ്രയാസമാവും. അവിടുന്നത് എങ്ങനെ കഴിച്ചു?''

''ഇല്ലില്ല. അതിനുമുകളിലായി അൽപം വെള്ളം തളിച്ചാൽ അവ മൃദുവാകും. അപ്പോൾ നിങ്ങൾക്കവ നിഷ്പ്രയാസം കഴിക്കാം.''

ഞാനപ്പോൾ സ്വയം ചിന്തിച്ചു, “സ്വാമീ, അവിടുന്നിനു മാത്രമേ ഇതിനു കഴിയൂ; എനിക്കു പറ്റില്ല.”

എന്നിട്ട് ഭഗവാൻ പറഞ്ഞു, “എന്റെ സഹപാഠികളെല്ലാം അവരുടെ പതിവുഭക്ഷണം കഴിക്കുമ്പോൾ, ഞാൻ ചോളംകൊണ്ടുണ്ടാക്കിയ ആ ലഘുവായ വിഭവം മാത്രം കഴിച്ചു. ഞാൻ പാവപ്പെട്ട കുടുംബത്തിൽനിന്നാണ് വരുന്നതെന്ന് മറ്റുള്ളവർക്ക് വിഷമം തോന്നിക്കാതിരിക്കാനായി എനിക്ക് ഒളിച്ച് കഴിക്കേണ്ടിയിരുന്നു. എന്റെ സഹപാഠികൾ കഴിച്ചിരുന്ന ചോറും മറ്റ് വിഭവങ്ങളും എനിക്ക് താങ്ങാനാവുമായിരുന്നില്ല, ഞാൻ അവരെ വിഷമിപ്പിക്കാനും ഉദ്ദേശിച്ചിരുന്നില്ല.”

നാമിത് എങ്ങനെയെടുക്കണം? എത്ര ഹിമാലയൻ ലാളിത്യമാണിത്! എന്തൊരു ആർജ്ജവമാണിത്. ഭഗവാന്റെ ജീവിതം ഒരു തുറന്ന പുസ്തകമാണ്.

ഇതോടെ ആ മാസത്തെ വിവരണം ഞാൻ അവസാനിപ്പിക്കുന്നു.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)